

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## 45 മീറ്ററിൽ റോഡും മനോരമയുടെ 'കുട പിടുത്തവും'

പ്രതിരോധപ്രവർത്തനത്തെപ്പോലും തങ്ങളുടെ ചെലവിൽ നടത്തിക്കളയുന്ന ആഗോളവത്ക്കരണകാലത്തെ മുതലാളിത്ത പ്രയോഗം കണ്ട് കോരിത്തരിക്കുകയാണ്. തങ്ങളുടെകൂടി പങ്കുകൊണ്ട് സൃഷ്ടിക്കപ്പെടുന്ന ദുരന്തത്തിന് അത് ആഗോളതാപനമായാലും പ്രകൃതിനശീകരണമായാലും അതിനെതിരായ പ്രതിവിധിയുമായി ആദ്യമെത്തുന്നതും ഇതേ ഇരട്ടമുഖമുള്ള മുതലാളിത്തമൂലധനമാണ്. അതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് മരം നട്ടുപിടിപ്പിക്കാനായി ഏറ്റവും വലിയ ഭാഷാപത്രമെന്ന ഖ്യാതിയുള്ള മലയാളമനോരമയുടെ ഭൂമിക്കൊരു കുട പിടിക്കാം പദ്ധതി.

കേരളത്തിൽ കുടിവെള്ളം മനുഷ്യന്റെ അവകാശമാണെന്ന മൗലികവിചാരം വാനോളം ഉയർത്തിയ പ്ലാച്ചിമടയിലെ അവസാനമില്ലാത്ത കൊക്കകോള വിരുദ്ധ സമരത്തിനും അത് സംബന്ധിച്ച വാർത്തയ്ക്കും വേണ്ടത്ര സ്ഥലം കൊടുക്കാൻ മടിച്ച ഇതേ പത്രമാണ് മഴവെള്ളം സംരക്ഷിക്കുന്നതിനായി പലതുള്ളി എന്ന പദ്ധതിയുമായി വർഷങ്ങൾക്കു മുമ്പേ രംഗത്തിറങ്ങിയത്. ഇതേ തട്ടിപ്പുതന്ത്രവുമായാണ് മരം വച്ച് പിടിപ്പിക്കുന്ന പുതിയ പദ്ധതിയുമായി മനോരമ ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞുപോയാൽ അവരെ കുറ്റം പറയാനാകുമോ? ഒരു മരം മുറിക്കുമ്പോൾ പത്ത് തൈ നടണമെന്ന പഴയ ശാർങ്ഗധരമുനിയുടെ വാക്കിനെ വേദമാക്കി എത്രയോ കാലമായി സാമൂഹ്യരംഗത്ത് പലരും മരം നട്ടും മുറിച്ചുമാറ്റാൻ ശ്രമിച്ച മരത്തെയും കാടിനെയും സംരക്ഷിച്ചുനിർത്തിയും മുന്നേറുന്നുണ്ട്. അത്തരക്കാർ ചെയ്തിരുന്ന പ്രവർത്തി മരം നടുന്നതിനു പകരം വർഷങ്ങളുടെ പൈതൃകസമ്പത്തായ കാടും മേടും മരവും വെട്ടിമാറ്റുന്നതിനെ തടയുക എന്നതായിരുന്നു.

അതും കഴിഞ്ഞേ ഉള്ളൂ മരം നടുന്നതിനുള്ള പ്രാധാന്യം. എന്നാൽ പുതിയ കാലത്ത് ആഗോളതാപനവും കാർബൺ എമിഷനുമൊക്കെ വലിയ വാർത്താപ്രധാന്യമുള്ള വിഷയമായതോടെ അതിനെ പ്രതിരോധിക്കാൻ മരം നടുക എന്നത് ഒരു ഫാഷനാക്കി മാറ്റിയിരിക്കയാണ് പലരും. ഏതെല്ലാം മരങ്ങൾ എവിടെയെല്ലാം വളരും, ഏവിടെ നടണം എന്നൊന്നുമുള്ള ശാസ്ത്രീയ നിരീക്ഷണം ഇല്ലാതെ ഏത് തരം മരവും എല്ലാ സ്ഥലത്തും വിതരണം ചെയ്യുകയാണ് പലരും. ഇതേ മാതൃക തന്നെ ഉയർത്തിപ്പിടിച്ചാണ് മനോരമയും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. പ്രകൃതിക്കും മനുഷ്യസമൂഹത്തിനും വിനാശമുണ്ടാക്കുന്ന വികസനനയത്തെ പുരോഗമനമെന്ന് വിശേഷഷിപ്പിച്ച് സ്വാഗതം ചെയ്യുന്നവരാണ് മനോരമ. കേരളത്തിൽ എൻ എച്ച് വികസനവുമായി ബന്ധപ്പെട്ട പ്രശ്നത്തിലോ മറ്റേതെങ്കിലും പാരിസ്ഥിതിക വിഷയത്തിലോ അറുപിന്തിരിപ്പൻ നയമാണിവർ എടുത്തുകൊണ്ടിരിക്കുന്നത്. ഹൈവെയുടെ വീതി 30 മീറ്ററാക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ഡൽഹിയിൽ പോയി മടങ്ങിയെങ്കിലും മണിക്കൂറുകൾക്കകം അത്തരം തീരുമാനവും നിർദ്ദേശവും അട്ടിമറിക്കാനായി പലരും അണിനിരന്നു.

45 മീറ്ററിലെങ്കിലും റോഡ് വേണമെന്ന് വാദിക്കാൻ രംഗത്തിറങ്ങിയ മനോരമ ഈയിടെ എഴുതിയ വാർത്തയിലും മറ്റും അതിനനുകൂലമായ നയം സ്വീകരിച്ചു. പത്രത്തിന്റെ ഒന്നാംപേജിലെ പ്രധാനാ വാർത്ത ഒന്നു വായിച്ചാൽ മാത്രം മതി. റോഡിന് വീതി കൂട്ടിയില്ലെങ്കിൽ കണ്ടയിനറുകൾക്ക് കടന്നുപോകാനാകില്ലെന്നും അതിനെ എതിർക്കുന്നവർ വികസനവിരോധികാളാണെന്നുമുള്ള വാർത്തകളാണ് വന്ന ഒട്ടുമിക്കതും. അമേരിക്കൻ മോഡൽ മുതലാളിത്ത വികസനത്തെ വാരിപ്പുണരുമ്പോൾതന്നെ അത്തരം വികനപ്രക്രിയ സൃഷ്ടിക്കുന്ന സാമൂഹ്യപാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ചും വല്ലാതെ വാചാലമാകുന്ന് ഈ പത്രത്തെ ഇനിയെങ്കിലും ജനം തിരിച്ചറിയണം.

**ജോൺസി മറ്റത്തിൽ**
**പ്രവിത്താനം, പാല, കോട്ടയം**



### വായനയ്ക്കാരുടെ ശ്രദ്ധയ്ക്ക്!!!

## സംരംഭകർ കൊക്കകോളയെ മാതൃകയാക്കണമെന്ന് മന്ത്രി എളമരം

കണ്ണൂർ: കൂടുതൽ തുക പരസ്യങ്ങൾക്കായി ഉപയോഗിച്ചു ജനങ്ങളുടെ മനസ്സിൽ സ്ഥാനം നേടിയതാണു കൊക്കക്കോളയുടെ വിജയമെന്നു മന്ത്രി എളമരം കരീം. ഇന്ത്യയിലെ മൊത്തം കമ്പനികളുടെ ആസ്തിയേക്കാൾ കൂടുതൽ തുക പരസ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ വ്യവസായ സംരംഭകരും അതേ നിലവാരത്തിലേക്ക് ഉയരണം. വ്യവസായികൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. എന്തു വികസനപ്രവർത്തനവുമായി വന്നാലും അതിനെതിരെ പ്രചാരവേലകൾ നടത്തുന്ന ചിലരുണ്ട്. റോഡ് വീതി കൂട്ടുമ്പോൾ അതിനെതിരെ തിരിയുന്നവർ റോഡ് അപകടങ്ങളുണ്ടാവുമ്പോൾ റോഡിനു വീതി പോരെന്നു നിലവിളിക്കും. അതിരപ്പിള്ളി വൈദ്യുത പദ്ധതിക്കെതിരെ അനാവശ്യ പ്രചാരണം നടത്തി ഒരു കേന്ദ്ര മന്ത്രി അനുമതി നിഷേധിച്ചു. ഇത്തരം പദ്ധതികളെ കുറിച്ചു ചർച്ച ചെയ്യേണ്ടത് സാങ്കേതിക വൈദഗ്ധ്യമുള്ളവരാണ്. അല്ലാതെ രാഷ്ട്രീയക്കാർ അല്ലെന്നു മന്ത്രി പറഞ്ഞു.

(കടപ്പാട്: മനോരമ)